ഭരണഭാഷ-മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/1853/2026-A3 തിയ്യതി: 25-04-2026

## ക്വട്ടേഷൻ നോട്ടീസ്

പാലക്കാട് ജില്ലാ ജോയിൻറ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ 2 കാറുകൾ ലഭ്യമാക്കുവാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. കാർ ടാക്സി രജിസ്ട്രേഷനുള്ള 5 സീറ്റർ സെഡാൻ ആയിരിക്കണം. (E.g. Maruti Suzuki Swift Dzire, Honda Amaze, Hyundai Aura)
2. വാഹനം 01/01/2023 തീയതിയോ അല്ലെങ്കിൽ അതിനുശേഷമുള്ളതോ ആയ മോഡൽ ആയിരിക്കണം.
3. പ്രതിമാസം 2000 കിലോ മീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
4. അവധിദിനങ്ങൾ ഉൾപ്പെടെ ഏതുദിവസവും, ഏതു സമയവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
5. കരാർ സമയത്തെ അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവ് പരിഗണിക്കുന്നതല്ല.
6. ക്വട്ടേഷനിൽ പ്രതിപാദിച്ചിട്ടുള്ള അതേ വാഹനം തന്നെ ഉപയോഗത്തിനായി നൽകേണ്ടതാണ്.
7. വാഹനം എന്തെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
8. ലോഗ് ബുക്ക് സെക്ഷൻറെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും, യാത്ര സംബന്ധിച്ച വിവരങ്ങൾ വാഹനത്തിൻറെ ഡ്രൈവർ കൃത്യമായി രേഖപ്പെടുത്തി അതാത് ദിവസം സമർപ്പിക്കേണ്ടതുമാണ്.

9. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെടത്തുന്ന ദൂരമായിരിക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുന്നത്.
10. ഓഫീസ് ആവശ്യത്തിനായി ഓടുന്ന കാലയളവിൽ "ജോയിൻറ് ഡയറക്ടർ, എൽ.എസ്.ജി.ഡി വകുപ്പ്, പാലക്കാട്" എന്ന ബോർഡ് നിർദ്ദിഷ്ട മാതൃകയിൽ വാഹനത്തിൽ സ്ഥാപിക്കേണ്ടതാണ്.
11. പ്രതിമാസം 2000 കിലോ മീറ്ററിൽ അധികരിക്കുന്ന യാത്രയ്ക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക കിലോ മീറ്ററിന് നൽകുന്നതാണ് ( നിലവിൽ 18 രൂപ/ കിലോ മീറ്റർ). അധിക കിലോ മീറ്ററിനുള്ള വാടക കാലാകലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ച് മാറ്റം വരുത്തുന്നതാണ്.
12. ഡ്രൈവറുടെ വേതനം, ഇന്ധനം, മെയിന്റനൻസ് എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന വാടക.
13. കരാർ കാലാവധി ഒരു വർഷക്കാലമായിരിക്കും.
14. പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതാണ്.
15. കരാറുകാരന് ആദായ നികുതി വകുപ്പിൽ നിന്നുള്ള PAN കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.
16. ക്വട്ടേഷനുകൾ സീൽചെയ്ത കവറിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന മേലെഴുത്തോടുകൂടി ജോയിൻറ് ഡയറക്ടറുടെ പേരിൽ 2500/- രൂപയുടെ ഡിമാൻറ് ഡ്രാഫ്റ്റ് സഹിതം 06/05/2026 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി തദ്ദേശ സ്വയം ഭരണ വകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ 06/05/2026 -ന് വൈകുന്നേരം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.
17. ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന വ്യക്തി 5000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഹാജരാക്കേണ്ടതാണ്. ഈ ജാമ്യനിക്ഷേപം കരാർ കാലാവധി കഴിയുമ്പോൾ മടക്കി നൽകുന്നതും, കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്ന പക്ഷം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമാണ്.
18. വാഹനത്തിൻറെ ആർ.സി ബുക്ക്, പെർമിറ്റ്, ഇൻഷൂറൻസ്, ടാക്സ് ടോക്കൺ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ, ഡ്രൈവറുടെ ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.
19. ഏതൊരു ക്വട്ടേഷനും കാരണംകാണിക്കാതെ നിരസിക്കുവാൻ ജില്ലാ ജോയിൻറ് ഡയറക്ടർക്ക് അധികാരമുണ്ടായിരുക്കുന്നതാണ്.

<u>ക്വട്ടേഷൻ മാതൃക</u>

| | |
|---|---|
| അപേക്ഷകൻറെ പേരും വിലാസവും, ഫോൺ നമ്പരും | |
| വാഹനത്തിൻറെ തരം | |
| വാഹനത്തിൻറെ മോഡൽ | |
| വാഹനം രജിസ്റ്റർ ചെയ്ത വർഷം | |
| വാഹനത്തിൻറെ രജിസ്ട്രേഷൻ നമ്പർ | |
| വാഹനത്തിൻറെ ടാക്സി പെർമിറ്റ് നമ്പർ | |
| ഒരുമാസം 2000 കിലോ മീറ്റർവരെ സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ വാടക | |

വിശ്വസ്തതയോടെ

Signed by
Shafiq P M
Date: 25-04-2026 16:57:00

**Shafiq.P.M**
**JOINT DIRECTOR**
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

പകർപ്പ്

1. നോട്ടീസ് ബോർഡ്